എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കഞ്ചാവ് വിൽപ്പനയ്ക്കെതിരെ നടപടി

122 (5052) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഞ്ചാവ് വിൽപന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട് ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് ;

(ഡി) കഞ്ചാവ് ലോബിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2808 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്.

(സി) 2091 പേർക്കെതിരെ എൻ.ഡി.പി.എസ്. നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ട്.

(ഡി) കഞ്ചാവ്, മറ്റ് നിരോധിത വസ്തുക്കൾ എന്നിവ അന്യ സംസ്ഥാനങ്ങളിൽനിന്ന് കടത്തുന്നത് തടയാൻ, അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കർശന വാഹനപരിശോധനയും പട്രോളിംഗും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. ജില്ലാതലങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് യൂണിറ്റുകളും ഇടുക്കി ജില്ലയ്ക്ക് പ്രത്യേകമായി നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും കഞ്ചാവും മറ്റ് ലഹരി സാധനങ്ങളും കണ്ടുപിടിക്കുന്നതിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

## ഉൾനാടൻ ജലഗതാഗത നിയമം

123 (T5053) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(എ) ഉൾനാടൻ ജലഗതാഗതനിയമം നിലവിൽവന്നിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമപ്രകാരം ഹൗസ്ബോട്ട് വ്യവസായത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഹൗസ്ബോട്ടുകളുടെ നിയന്ത്രണത്തിന് എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1917-ലെ ഇൻലാന്റ് വെസ്സൽസ് ആക്ട് കേന്ദ്ര നിയമമാണ്. ഇത് സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. ഈ നിയമത്തിലെ വിവിധ വകുപ്പുകൾ നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് സംസ്ഥാന സർക്കാർ, 2010-ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങൾ പുറപ്പെടുവിച്ചു. ചട്ടങ്ങൾ 30-4-2010 തീയതിയിൽ നിലവിൽവന്നു.

(ബി) ഹൗസ് ബോട്ട് വ്യവസായത്തിന് പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, ഉൾനാടൻ ജലഗതാഗതത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ യന്ത്രവൽകൃത ഹൗസ് ബോട്ടുകൾക്കും പ്രസ്തുത ചട്ടങ്ങൾ പ്രകാരം വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ട്. ഇവ നിയന്ത്രണങ്ങളല്ല മറിച്ച് സർവ്വേ, രജിസ്ട്രേഷൻ, യാനത്തിന്റെയും അതിലെ ജീവനക്കാരുടെയും യാത്രക്കാരുടെയും സുരക്ഷ തുടങ്ങിയവ ഉൾക്കൊള്ളുന്ന പൊതുവ്യവസ്ഥകൾ മാത്രമാണ്.

ജനമൈത്രി പോലീസ്

124 (5054) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ജനമൈത്രി പോലീസ് സംവിധാനം എത്രമാത്രം കാര്യക്ഷമമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ?

ഉത്തരം

(എ) ജനമൈത്രി പോലീസ് പദ്ധതി എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly